**കാലിക്കറ്റ് സർവ്വകലാശാല**

**(പരീക്ഷാ ഭവൻ )**

No.57641/EG-I-ASST-1/2016/PB Dated,16.08.2021

**വിജ്ഞാപനം**

**കോവിഡ് - 19 രണ്ടാം തരംഗ പശ്ചാത്തലത്തിൽ കാലിക്കറ്റ് സർവ്വകലാശാല നിശ്ചയിച്ച വിവിധ പരീക്ഷകളുടെ നടത്തിപ്പിനായി പാലിക്കേണ്ട പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ**

സൂചന: 1). 21.06.2021 തിയ്യതിയായ സർക്കാർ ഉത്തരവ് നമ്പർ സ.ഉ (സാ.ധ) നം.765/2021/ഉ.വി.വ

2).24.06.2021 തിയ്യതിയായ 57641/EG-I-ASST-1/ 2016/PB നമ്പർ വിജ്ഞാപനം

3).11.08.2021 തിയ്യതിയായ സർവ്വകലാശാല ഉത്തരവ് നമ്പർ. 681/2021/PB

1) സർക്കാരിന്റെ ആരോഗ്യ പെരുമാറ്റച്ചട്ടം ഉറപ്പുവരുത്തുന്നതിനായി പരീക്ഷാകേന്ദ്രത്തിന്റെ സമീപത്തുള്ള ആരോഗ്യകേന്ദ്രം, ഫയർ ഫോഴ്സ്, പോലീസ് സ്റ്റേഷൻ എന്നിവിടങ്ങളിൽ പരീക്ഷ നടക്കുന്ന വിവരം മുൻകൂട്ടി അറിയിക്കേണ്ടതാണ്. പ്രസ്തുത അധികാരികൾ നൽകുന്ന മാർഗ്ഗനിർദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

2) പരീക്ഷയ്ക്ക് മുമ്പ്, പരീക്ഷാ ഹാളുകൾ, ഫർണിച്ചർ, കോളേജ് പരിസരം എന്നിവ ശുചിയാക്കുകയും അണുവിമുക്തമാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്. ആരോഗ്യവകുപ്പ്, സന്നദ്ധസംഘടനകൾ, ഫയർ ഫോഴ്സ്, തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ, പി.ടി.എ., എൻ.സി.സി, എൻ.എസ്.എസ് എന്നീ സ്ഥാപനങ്ങളുടെ സഹായം ഇതിനായി പ്രയോജനപ്പെടുത്താവുന്നതാണ്.

3) പരീക്ഷാദിവസങ്ങളിൽ പരീക്ഷാ ഹാളിലെ ഫർണിച്ചർ അണുവിമുക്തമാക്കേണ്ടതാണ്.

4) പരീക്ഷാകേന്ദ്രത്തിന്റെ പ്രധാനകവാടത്തിൽ കൂടെ മാത്രമേ വിദ്യാർത്ഥികളുടെ പ്രവേശനം അനുവദിക്കാൻ പാടുള്ളൂ .

5) പരീക്ഷാകേന്ദ്രത്തിന്റെ പ്രധാനകവാടത്തിൽ സോപ്പ് ലായനി, സാനിറ്റൈസർ മുതലായവ ലഭ്യമാക്കേണ്ടതാണ്.

6) വിദ്യാർത്ഥികൾ മാസ്ക് ധരിച്ചുകൊണ്ട് മാത്രമേ പരീക്ഷ കേന്ദ്രത്തിൽ പ്രവേശിക്കാൻ പാടുള്ളൂ. ഇവ കർശനമായി പാലിക്കുന്നുണ്ടെന്ന് പ്രിൻസിപ്പൽ/ ചീഫ് സൂപ്രണ്ട് ഉറപ്പ് വരുത്തേണ്ടതാണ്.

7) പരീക്ഷ കേന്ദ്രത്തിൽ വിദ്യാർത്ഥികൾ സാമൂഹിക അകലം പാലിക്കേണ്ടതാണ്.

8) പരീക്ഷ എഴുതുന്നതിനാവശ്യമായ സാമഗ്രികൾ വിദ്യാർത്ഥികൾ പരസ്പരം കൈമാറാൻ പാടില്ല

9) പരീക്ഷാ ജോലിക്ക് നിയോഗിക്കപ്പെടുന്ന അധ്യാപക - അനദ്ധ്യാപകർ മാസ്ക് ഗ്ലൗസ് എന്നിവ ധരിക്കേണ്ടതാണ്.

10) ഒരു പരീക്ഷാ ഹാളിൽ പരമാവധി 20 വിദ്യാർത്ഥികളെ മാത്രമേ പരീക്ഷയ്ക്ക് ഇരുത്തുവാൻ പാടുള്ളൂ. ഒരു ബെഞ്ചിൽ വിദ്യാർത്ഥികൾ തമ്മിൽ 1.5 മീറ്റർ അകലമെങ്കിലും പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

11) ബെഞ്ചുകൾ തമ്മിൽ അകലം പാലിക്കാൻ സാധ്യമല്ലെങ്കിൽ വിദ്യാർത്ഥികളെ ഒന്ന് ഇടവിട്ട ബെഞ്ചുകളിൽ ഇരുത്തേണ്ടതാണ്.

12) വിദ്യാർത്ഥികൾ പരീക്ഷാ കേന്ദ്രത്തിൽ പരീക്ഷാ സമയത്തിന് അരമണിക്കൂർ മുൻപെ ഹാജരാകേണ്ടതാണ്.

13) പരീക്ഷ ഹാൾടിക്കറ്റിൽ ഫോട്ടോ സാക്ഷ്യപ്പെടുത്താൻ കഴിയാത്ത വിദ്യാർഥികൾ അവരുടെ അംഗീകൃത തിരിച്ചറിയൽ കാർഡ് ഹാജരാക്കേണ്ടതാണ്.

14) പരീക്ഷക്ക് അപേക്ഷ സമർപ്പിക്കുമ്പോൾ ഫോട്ടോ സാക്ഷ്യപ്പെടുത്താൻ സാധിക്കാത്ത വിദ്യാർത്ഥികൾ അംഗീകൃത തിരിച്ചറിയൽ കാർഡിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

15) വിദ്യാർഥികൾ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് മാത്രമേ പരീക്ഷയ്ക്ക് ഹാജരാകുവാൻ പാടുള്ളൂ. അല്ലാത്തപക്ഷം അത്തരം വിദ്യാർത്ഥികൾക്കെതിരെ നടപടി സ്വീകരിക്കുവാനുള്ള അധികാരം പരീക്ഷാ കേന്ദ്രത്തിലെ ചീഫ് സൂപ്രണ്ടിന് ഉണ്ടായിരിക്കുന്നതാണ്.

**16) കോവിഡ് പോസിറ്റീവ് ആയ വിദ്യാർത്ഥികൾക്കും സമ്പർക്കം മൂലം ക്വാറന്റൈനിൽ കഴിയുന്നവർക്കും കേന്ദ്ര സംസ്ഥാന സർക്കാരുകൾ നിഷ്കർഷിച്ച കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് പരീക്ഷയ്ക്ക് ഹാജരാവുന്നതാണ്. 11.08.2021 മുതൽ / ശേഷം ആരംഭിക്കുന്ന / ആരംഭിച്ച പരീക്ഷകൾക്ക് 'കോവിഡ് - 19 പ്രത്യേക പരീക്ഷ' (COVID - 19 Special Examination) ഉണ്ടായിരിക്കുന്നതല്ല.**

17) സർക്കാർ/ ആരോഗ്യ വകുപ്പ് അതാത് സമയങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാൻ വിദ്യാർത്ഥികൾ ബാധ്യസ്ഥരാണ്.

18) വിദ്യാർത്ഥികൾ അറ്റന്റൻസ് ഷീറ്റിൽ ഒപ്പുവെക്കേണ്ടതില്ല. പരീക്ഷയ്ക്ക് ഹാജരായ/ ഹാജരാവാത്ത വിദ്യാർത്ഥികളുടെ വിവരങ്ങൾ പരിശോധിച്ച് അതാത് ചീഫ് സൂപ്രണ്ടുമാർ സർവകലാശാലയ്ക്ക് കൈമാറേണ്ടതാണ്.

Dr. C C Babu

Controller Of Examinations

To : The Principals of all Affiliated Colleges / Chief Superintendents/ Students/ The Heads of Calicut University Teaching Departments.

Copy to: PS to VC / PA to Registrar/ PA to CE / PRO / Digital Wing / All JCEs/ DoA / DSSC